**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **27-06-2022 - ൽ മറുപടിയ്ക്ക്**

**ബഹുനില മന്ദിരങ്ങളിലെ തീപിടുത്ത നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങളിലെ തീപിടുത്തം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ബഹുനില മന്ദിരങ്ങളിൽ National Building Code 2016 Vol-1 Part IV-ൽ നിഷ്കർഷിച്ചിട്ടുള്ള അഗ്നി രക്ഷാ സംവിധാനങ്ങൾ ഒരുക്കുന്ന പക്ഷം ആയത് വകുപ്പ് പരിശോധിച്ച് സുരക്ഷ ഉറപ്പാക്കിയ ശേഷം മാത്രം No Objection Certificate നൽകി വരുന്നു. പ്രധാനമായും താഴെ പറയും പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ബഹുനില മന്ദിരങ്ങളിൽ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്.<br><br>1) Hydrant and Hydrant Box (Hose & Branch)<br><br>2)Riser<br><br>3) Fire Tank<br><br>4) Fire Pump<br><br>5) Sprinklers & Detectors<br><br>6) Fire Alarm and MCP (Manual Call Point)<br><br>7) Hose Reel Hose<br><br>8) Fire Extinguishers<br><br>ഇത് കൂടാതെ കെട്ടിടത്തിന്റെ ഗണം അനുസരിച്ച് NBC യിൽ പറയുന്ന മറ്റ് ആധുനിക സജ്ജീകരണങ്ങൾ കൂടി ഉറപ്പു വരുത്താറുണ്ട്. |
| (ബി) | സ്കൈലിഫ്റ്റ് അടക്കമുള്ള അത്യാധുനിക | (ബി) | 2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ |

| | | | |
|---|---|---|---|
| | ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെല്ലാമെന്ന് വിശദമാക്കാമോ; | | ഫണ്ടുപയോഗിച്ച് ഒരു Aerial Ladder Platform വാങ്ങുന്നതിനുള്ള ഭരണാനുമതിയ്ക്കായി വകുപ്പ് മേധാവി ലഭ്യമാക്കിയ ശുപാർശ 22.06.2022-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്. ആയതിന് ശേഷം ആഗോള ടെൻഡർ ഉൾപ്പെടെയുള്ള പർച്ചേസ് നടപടികൾ ആരംഭിയ്ക്കുന്ന താണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ആഗോള ടെൻഡർ വിളിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 'ബി'-യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ